ഗുണനിലവാരം മെച്ചപ്പെടുത്തി കുടിവെള്ളം വിതരണം ചെയ്യാൻ നടപടി

29 [5993] ശ്രീ.കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരത്തോതു പാലിക്കാതെ കേരള വാട്ടർ അതോറിറ്റിയുടെ ചില പമ്പിംഗ് സ്റ്റേഷനുകളിൽ നിന്നും കുടിവെള്ളം വിതരണം നടത്തുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ബി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ ഗുണനിലവാരത്തിൽ നിഷ്കർഷ പാലിക്കാൻ എന്തൊക്കെ അടിയന്തിര നടപടികൾക്കാണ് ഇപ്പോൾ രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം സെൻട്രൽ പബ്ലിക് ഹെൽത്ത് ആന്റ് എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് ഓർഗനൈസേഷന്റെ (സി. പി. എച്ച്. ഇ. ഇ. ഒ.) വാട്ടർ സപ്ലൈ മാനുവൽ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വിതരണം ചെയ്യാറുള്ളത്. ശുദ്ധീകരണ ശാലകൾ ഉള്ള പദ്ധതികളിൽ പ്ലാന്റിനോട് ചേർന്ന് പ്രത്യേകം ലബോറട്ടറിയിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം ദിവസേന പരിശോധിക്കാറുണ്ട്. ശുദ്ധീകരണശാല ഇല്ലാത്ത പദ്ധതികളിൽ കൂടി വിതരണം ചെയ്യുന്ന ജലം ക്ലോറിനേറ്റ് ചെയ്ത് അണുവിമുക്തമാക്കിയതിനുശേഷമേ വിതരണം ചെയ്യാറുള്ളൂ. ചെറിയ ഗ്രാമീണ പമ്പുഹൗസുകളിൽ ക്ലോറിൻ ടെസ്റ്റ്കിറ്റ് ഉപയോഗിച്ച് ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. വിതരണ ടാങ്കുകളിലും റസിഡ്യുവൽ ക്ലോറിൻ ഉണ്ടെന്ന് ഉറപ്പു വരുത്താറുണ്ട്. കൂടാതെ ഗുണനിലവാരം ഉറപ്പുവരുത്താൻ സംസ്ഥാനത്ത് ജില്ലാതലത്തിൽ ക്വാളിറ്റി മോണിറ്ററിംഗ് ലാബുകൾ വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നു. വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഫിസിക്കൽ, കെമിക്കൽ, ബാക്ടീരിയൽ സ്വഭാവം പ്രസ്തുത യൂണിറ്റ് പരിശോധിച്ച് അതാത് നിയന്ത്രണ ഉദ്യോഗസ്ഥനെ അറിയിക്കുകയും അതനുസരിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.

ജലവിനിയോഗം കുറ്റമറ്റതാക്കാൻ നിലവിലുള്ള സംവിധാനങ്ങൾ

30 [5994] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 അന്താരാഷ്ട്ര കുടിവെള്ള വർഷമായി ഐക്യരാഷ്ട്ര സംഘടന പ്രഖ്യാപിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിവെള്ള വർഷാചരണത്തിന്റെ ഭാഗമായി എന്തൊക്കെ പ്രായോഗിക പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളുമാണ് ജലവിഭവ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരളത്തിലെ നദികളും സ്വാഭാവിക ജലസ്രോതസ്സുകളും സംരക്ഷിക്കുവാൻ പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കുമോ;

(ഡി) ഭൂവിനിയോഗത്തിലെ അശാസ്ത്രീയ പ്രവണതകൾ അവസാനിപ്പിക്കാനും ജലസമ്പത്ത് സംരക്ഷിക്കുവാനും വേണ്ടി വിവിധ വകുപ്പുകളേയും ഇതര എജൻസികളേയും സംയോജിപ്പിച്ച് ഒരു കർമ്മപദ്ധതി നടപ്പാക്കുമോ;

(ഇ) കേരളത്തിലെ ശരാശരി ജലലഭ്യതയും ആളോഹരി ജലോപഭോഗവും എത്രയാണ് ; ജലവിനിയോഗം കുറ്റമറ്റതാക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(എഫ്) കേരളത്തിന്റെ ജലസമ്പത്ത് സംബന്ധിച്ച് നടന്നിട്ടുള്ള പഠനങ്ങളുടേയും ആയതുപ്രകാരം ലഭിച്ചിട്ടുള്ള റിപ്പോർട്ടുകളുടേയും വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുടിവെള്ള വർഷാചരണത്തിന്റെ ഭാഗമായി ഭൂജല സംരക്ഷണ പദ്ധതി, മഴവെള്ള ശേഖരണ പദ്ധതി എന്നിവ നടപ്പിലാക്കുന്നതിനും പ്രസ്തുത പദ്ധതികളെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാനും ഉദ്ദേശിക്കുന്നു. ജലവർഷാചരണത്തിന്റെ ഭാഗമായി കൂടുതൽ പഞ്ചായത്തുകളിൽ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി വഴി നടപ്പാക്കുന്ന ജലനിധി പദ്ധതിയുടെ ശുചിത്വാരോഗ്യ സന്ദേശം എത്തിക്കുന്നതിന്റെ ഭാഗമായി 61 പഞ്ചായത്തുകളിൽ പദ്ധതി പ്രവർത്തനം വ്യാപിപ്പിക്കുകയും വീടുതോറുമുള്ള ജലസംരക്ഷണസന്ദേശവ്യാപനം നടത്തുകയും ചെയ്യുന്നു. ഇതുകൂടാതെ ജലദിനവുമായി ബന്ധപ്പെട്ട് മാദ്ധ്യമങ്ങളിലൂടെ ബോധവൽക്കരണ സന്ദേശപരസ്യവ്യാപനം നടത്തി. ജലനിധി പദ്ധതിയുടെ ഇത്തരം പ്രവർത്തനങ്ങൾ സാധാരണ ജനങ്ങളിലേക്ക് ജലസംരക്ഷണ സന്ദേശം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്ലൈഡ് പ്രദർശനം, പരസ്യങ്ങൾ എന്നിവ വഴി ബോധവൽക്കരണത്തിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(സി) പരമ്പരാഗത സ്രോതസ്സുകളുടെ സംരക്ഷണത്തിനുള്ള പദ്ധതികൾ പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡുപയോഗിച്ച് കേരള വാട്ടർ അതോറിറ്റി നടപ്പാക്കി വരുന്ന പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ഇടുക്കി ജില്ലയിൽ അഞ്ച് തടയണകളുടെ നിർമ്മാണവും കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഓരോ തടയണയുടെ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ രണ്ടും, കോട്ടയം, കണ്ണൂർ ജില്ലകളിൽ ഓരോന്നും വീതം തടയണകളുടെ നിർമ്മാണം നടന്നു വരുന്നു. സംസ്ഥാനത്തെ നദികളുടെ സംരക്ഷണത്തിനായി ഒരു റിവർബേസിൻ ഓർഗനൈസേഷൻ രൂപീകരിച്ച് പഠനങ്ങൾ നടത്തുവാനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ലാന്റ് യൂസ് ബോർഡിന്റെ കീഴിലുള്ള റിമോർട്ട് സെൻസിംഗ് സെന്ററിന്റെ സഹായത്തോടെയാണ് പ്രസ്തുത പഠനം നടത്തുന്നത്. നെയ്യാർ ബേസിന്റെയും പമ്പ അച്ചൻകോവിൽ ബേസിന്റെയും പഠനങ്ങൾ ആണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്. ഇതിൽ നെയ്യാറിനെക്കുറിച്ചുള്ള പഠനം ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. പമ്പ അച്ചൻകോവിലിനെക്കുറിച്ചുള്ള പഠനം 2004-2005-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) ഇക്കാര്യം ആലോചിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേരളത്തിലെ ശരാശരി ജല ലഭ്യത മഴ മൂലം ശരാശരി 3000 മില്ലി ലിറ്റർ ആണ്. ഗ്രാമീണ ജനതയ്ക്ക് ഒരാൾക്ക് ഒരുദിവസം ശരാശരി 40 ലിറ്റർ എന്ന തോതിലും നഗരവാസികൾക്ക് ഒരാൾക്ക് ഒരു ദിവസം ശരാശരി 70-150 ലിറ്റർ എന്ന തോതിലും ജലം ലഭ്യമാക്കാനാണ് വാട്ടർ അതോറിറ്റിയുടെ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. പക്ഷേ ഈ തോതിൽ എല്ലാ പദ്ധതികളിലും ജലവിതരണം നടത്തുവാൻ സാധിക്കുന്നില്ല. ജലവിനിയോഗം കുറ്റമറ്റതാക്കാൻ വാട്ടർ അതോറിറ്റി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിതരണശൃംഖലയിലെ ലീക്കുകൾ കണ്ടുപിടിച്ച് യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്യുവാനായി തിരുവനന്തപുരത്ത് ജലവിതരണ പദ്ധതിക്കുവേണ്ടി സ്കാഡുകൾ രൂപീകരിച്ചിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിലേക്ക് ഇത് വ്യാപിപ്പിക്കുവാനുദ്ദേശിക്കുന്നു. കൂടാതെ മീറ്ററിംഗ് സമ്പ്രദായം കർശനമാക്കുകയും ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടാൽ കണക്ഷൻ വിച്ഛേദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. കൂടാതെ ജലം ദുർവിനിയോഗം ചെയ്യാതിരിക്കാൻ വേണ്ടി ജനങ്ങളെ ബോധവൽക്കരിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(എഫ്) 1958-ൽ കേരളത്തിന്റെ ജലസമ്പത്തിനെക്കുറിച്ച് ഒരു പ്രാഥമിക പഠനം കേന്ദ്ര സർക്കാർ സ്ഥാപനമായ വാട്ടർ ആന്റ് പവർ കമ്മീഷന്റെ നേതൃത്വത്തിൽ നടത്തുകയും 'മാസ്റ്റർ പ്ലാൻ' എന്ന പേരിൽ ഒരു റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. ഈ റിപ്പോർട്ടിൽ നമ്മുടെ വികസനപരമായ വിവിധ ആവശ്യങ്ങൾക്ക് ഉപയുക്തമാക്കേണ്ട വെള്ളത്തിന്റെ ഒരു സംക്ഷിപ്ത രൂപവും ഉൾപ്പെടുത്തിയിരുന്നു. 1974-ൽ വിശദമായ പഠന റിപ്പോർട്ട് വാട്ടർ റിസോഴ്സസ് ഓഫ് കേരള എന്ന പേരിൽ തയ്യാറാക്കിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ റിപ്പോർട്ടിൽ കടന്നുകൂടിയിട്ടുള്ള തെറ്റുകുറ്റങ്ങൾ നിർമ്മാർജ്ജനം ചെയ്ത് ശാസ്ത്രീയമായ രീതിയിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. മേപ്പടി റിപ്പോർട്ടിൽ നദികളുടെ നീളം, ഒഴുകുന്ന വെള്ളത്തിന്റെ അളവ്, നീർമ്മതി പ്രദേശത്തിന്റെ വിസ്തീർണ്ണം, മൊത്തം നീരൊഴുക്ക്, കൃഷിയിടങ്ങളിൽ ജലസേചനം ഏർപ്പെടുത്താനുള്ള സാദ്ധ്യത, ഉൾനാടൻ ജലഗതാഗതം, വെള്ളപ്പൊക്ക നിവാരണം, ഉപ്പുവെള്ളം കയറുന്നത് തടയൽ എന്നിവ പഠന വിധേയമാക്കി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിനുശേഷം സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റിന്റെ കീഴിൽ പഠനം നടന്നുവരുന്നു.

ഗ്രാമീണ മേഖലയിൽ വർദ്ധിച്ചുവരുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ പുതിയ പദ്ധതികൾ

31 [5995] ശ്രീ. ടി. കെ. ദേവകുമാർ:
,, മഞ്ഞളാംകുഴി അലി:
,, കെ. കെ. ജയചന്ദ്രൻ:
,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുളങ്ങൾ, അരുവികൾ, ഉപയോഗയോഗ്യമല്ലാത്ത കിണറുകൾ എന്നിവ ജലസേചനത്തിന് ഉപയോഗയോഗ്യമാക്കുന്നതിനും ചെക്ക് ഡാമുകൾ, റഗുലേറ്ററുകൾ, ബണ്ടുകൾ, ചെറിയതോടുകൾ, ക്രോസ്സ് ബാറുകൾ എന്നിവ നിർമ്മിച്ച് ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനും ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്:

LIBRARY ARCHIVES Kerala Legislative Assembly